പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5975 04.11.2016 -ലെ മറുപടിയ്ക്ക്

## കോളേജുകളേയും സർവ്വകലാശാലകളേയും മെച്ചപ്പെടുത്തുന്നതിനുള്ള ബൃഹത് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, അൻവർ സാദത്ത്<br>,, വി. ടി. ബൽറാം<br>,, കെ. സി. ജോസഫ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | നിലവിലുള്ള കോളേജുകളേയും സർവ്വകലാശാലകളേയും മെച്ചപ്പെടുത്തുന്നതിന് ബൃഹത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) (ബി) & (സി) | **കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്ക്നോളജി** യെ ഏഷ്യൻ രാജ്യങ്ങളിലുള്ള മറ്റു ഗവേഷണ ശാലകളുടെ നിലവാരത്തിലേക്ക് സർവ്വകലാശാലയുടെ അക്കാദമികമായ മികവ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടന്നു വരുന്നു. കൂടാതെ യുവ സംരംഭകത്വ കൂട്ടായ്മയിലേക്ക് സ്റ്റാർട്ട് -അപ് വില്ലേജുകൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ RUSA പദ്ധതി പ്രകാരം സർവ്വകലാശാലയ്ക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**കേരള സർവകലാശാല** ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സംവിധാനം ശക്തിപ്പെടുത്തുകയും **2015-ൽ NAAC** ന്റെ **A Grade** നേടിയെടുക്കുകയും ചെയ്തു. ഗുണനിലവാരം മെച്ചപ്പെടുത്താൻ മാസ്റ്റർ ആക്ഷൻ പ്ലാൻ രൂപീകരിച്ചിട്ടുണ്ട്.<br><br>**കാലിക്കറ്റ് സർവ്വകലാശാലയ്ക്ക്** കീഴിൽ സയൻസ് ഡിപ്പാർട്ട്മെന്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടി സെൻട്രൽ സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി **(CSIF)** എന്ന പ്രോജക്റ്റിന് സ്റ്റേറ്റ് പ്ലാൻ ഗ്രാന്റിൽ |
| (ബി) | പുതിയ ഉന്നത വിദ്യാപീഠങ്ങളും ഗവേഷണ ശാലകളും സ്ഥാപിക്കുന്നതിന് പദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടുണ്ടോ; എങ്കിൽ വിവരിക്കുമോ; | | |
| (സി) | ഇതിനായി കോളേജുകൾക്കും സർവ്വകലാശാലകൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | നിന്ന് വിഹിതം അനുവദിക്കുന്നുണ്ട്.<br>കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് വികസന പരിപാടികൾക്കായി സ്റ്റേറ്റ് ഗവൺമെന്റും കേന്ദ്രസർക്കാരിന്റെ റൂസ്സ മുഖേനയും ഗ്രാന്റ് അനുവദിക്കുന്നുണ്ട്.<br><br>**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക്** NAAC ന്റെ A Grade ലഭിച്ചിട്ടുണ്ട്. 20 കോടി രൂപയുള്ള പ്രോജക്ടിന് RUSA യുടെ അംഗീകാരവും ലഭിച്ചിട്ടുള്ളതാണ്. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>**എം.ജി. സർവ്വകലാശാല**യിലെ സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ട്മെന്റുകളിൽ പ്രവർത്തിക്കുന്ന ഗവേഷണ കേന്ദ്രങ്ങൾക്കു പുറമെ വിവിധ വിഷയങ്ങളിൽ ഗവേഷണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്ന ഇന്റർ യൂണിവേഴ്സിറ്റി / ഇന്റർ സ്കൂൾ സെന്ററുകളും ഈ സർവ്വകലാശാലയിൽ പ്രവർത്തിക്കുന്നു. ഇവയ്ക്കാവശ്യമായ സാമ്പത്തിക സഹായം യു.ജി.സി.യും കേരള സർക്കാരും നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**